**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4784** **02-07-2024 - ൽ മറുപടിയ്ക്ക്**

**വജ്രജൂബിലി ഫെല്ലോഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യകലാപരിശീലനം നൽകി വരുന്നു. ഈ പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ, വായനശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് ഹാളുകൾ മുതലായ പൊതു സ്ഥാപനങ്ങളാണ് കലാപരിശീലന കേന്ദ്രങ്ങളായി സജ്ജമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകി വരുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ (ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി /കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7500/- രൂപയും നൽകി വരുന്നു. 2018 ൽ ആരംഭിച്ച ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ കാലാവധി 2021ഡിസംബർ മാസം അവസാനിക്കുകയും പുതുതായി അഭിമുഖ പരീക്ഷ നടത്തി രണ്ടു തവണകളായി 943-ഓളം കലാകാരന്മാരെ നിലവിൽ പദ്ധതിയിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യ കലകൾ അവതരിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്നത്. പഠിതാക്കളുടെ പ്രാദേശിക കലാപ്രകടനത്തിന് വേദികൾ ഒരുക്കുകയും അതിലൂടെ കലാകാരന്മാർക്ക് മികവ് തെളിയിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. |
| (ബി) | ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റികളുടെ പരിധിയിലുള്ള എത്രപേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 9 കലാകാരന്മാരും ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 4 കലാകാരന്മാരും നിലവിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ